# ക്രിസ്തുവിജ്ഞാനിയം ജീവിതസാക്ഷ്യത്തിലൂടെ പകർന്നു നല്കണം

മൗണ്ട് സെന്റ് തോമസ് : വിശ്വാസികൾ വ്യക്തിജീവിതത്തിലൂടെയും സഭ അതിന്റെ വിവിധ ശുശ്രൂഷകളിലൂടെയും ക്രിസ്തുവിജ്ഞാനിയം പ്രകടമാക്കണമെന്ന് മൗണ്ട് സെന്റ്



തോമസിൽ നടന്ന സീറോമലബാർ സഭയുടെ ക്രിസ്തുവിജ്ഞാനിയത്തെക്കുറിച്ച് ദൈവശാസ്ത്ര ഗവേഷണ സെമിനാർ വിലയിരുത്തി. തിരുവചനങ്ങളിൽനിന്നും ആർജിച്ചെടുക്കുന്ന ക്രിസ്തുവിജ്ഞാനിയം ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്വാധിനിക്കുന്നതാകണം. പാവപ്പെട്ടവരോടും അവശരോടും പ്രത്യേക പരിഗണന നൽകുന്ന ശുശ്രൂഷകളിലൂടെ ഈ വിജ്ഞാനിയം പകർന്നു നൽകണമെന്ന് സെമിനാർ നിർദ്ദേശിച്ചു. ക്രിസ്തുവിജ്ഞാനിയം പഠിപ്പിക്കുന്നതിലൂടെയും പ്രഘോഷിക്കുന്നതിലൂടെയും ഒരു സ്നേഹസമൂഹ നിർമ്മിതിയാണ് സഭ ലക്ഷ്യം വയ്ക്കുന്നത് എന്ന് സെമിനാർ വ്യക്തമാക്കി. സഭയുടെ ഗവേഷണപഠന വിഭാഗമായ റിസർച്ച് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഈ സെമിനാർ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് ഉൽഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ അധ്യക്ഷത വഹിച്ചു. റിസർച്ച് സെന്റർ ഡയറക്ടർ ബോർഡ് അംഗം ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി, ബിഷപ്പ് മാർ അബ്രാഹം മറ്റം, ബിഷപ്പ് മാർ ജോസഫ് അരുമച്ചാടത്ത്, റിസർച്ച് സെന്റ്ർ എക്സിക്യൂട്ടിവ് ഡയറക്ർ ഫാ. ഡോ. പോളി കണ്ണൂക്കാടൻ, റിസർച്ച് സെന്റർ ഡയറക്ടർ ബോർഡ് അംഗം ഫാ. ഡോ. ആന്റണി കൊഴുവനാൽ എന്നിവർ പ്രസംഗിച്ചു.

സെമിനാറിൽ ക്രിസ്തുവിജ്ഞാനിയത്തെക്കുറിച്ചുള്ള ബൈബിൾ പഠനം, ഇന്ത്യൻ പശ്ചാത്തലത്തിൽ ക്രിസ്തുവിജ്ഞാനിയം, ദൈവാരാധനയിലെ ക്രിസ്തുവിജ്ഞാനിയം സീറോമലബാർസഭയുടെ ക്രിസ്തുവിജ്ഞാനിയം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഫാ.ഡോ ജോസഫ് പാബളാനി, ഫാ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ ഫാ. ഡോ. ജോസ് കൊച്ചുപറമ്പിൽ ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി, ഫാ. ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ, ഫാ. ഡോ. ജോസ് പാലക്കീൽ, സി. ഡോ. ഗ്രെയ്സ് തോമസ് സി.എം.സി, ഫാ. ഡോ ജോർജ്ജ് കാരക്കുന്നേൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ബിഷപ്പ് ജോസഫ് അരുമച്ചാടത്ത്, ഫാ. ഡോ മാത്യു മണക്കാട്ട്, ഫാ. ജെ അടപ്പൂർ, ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ എന്നിവർ ചർച്ചകൾക്ക് നേതൃുത്വം നൽകി. ബിഷപ്പ് അബ്രാഹം മറ്റം സമാപന സന്ദേശം നല്കി.

ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും നേടിയിട്ടുള്ളവരും ദൈവശാസ്ത്രരംഗത്ത് സജീവമായി പ്രവർത്തിക്കുന്നവരുമായ തിരഞ്ഞെടുക്കപ്പെട്ടവരാണ് സെമിനാറിൽ പങ്കെടുത്തത്. മെത്രാന്മാർ, വൈദികർ, സന്യസ്തർ, അല്മായർ എന്നിവരടങ്ങുന്ന 75 പേർ പങ്കെടുത്തു.